# പാലക്കാട് ജില്ലയിലെ നെൽകൃഷിയിൽ വന്നിട്ടുള്ള പരിവർത്തനം

## - ഒരു സാമ്പത്തിക വിശകലനം -

**പ്രൊഫ. രാജലക്ഷ്മി**
സാമ്പത്തികശാസ്ത്രവിഭാഗം മേധാവി, എൻ.എസ്.എസ്. കോളേജ്, ഒറ്റപ്പാലം



**ആമുഖം**

നമുക്കെല്ലാം അറിയാം നെല്ല് കേരള ജനതയുടെ പ്രധാനപ്പെട്ട ഭക്ഷ്യവസ്തുവാണെന്ന്. നമ്മുടെ സംസ്ഥാനത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഭക്ഷ്യധാന്യത്തിന്റെ 98%ത്തിലധികവും നെല്ലാണ്. ദിനംപ്രതി അരിഭക്ഷണത്തിന്റെ ആവശ്യകത നമ്മുടെ നാട്ടിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഭക്ഷണത്തിന്റെ രൂപത്തിലും ഒരു അസംസ്കൃത വസ്തുവിന്റെ രൂപത്തിലും വൈക്കോലിന്റെ രൂപത്തിലും നെല്ലിന്റെ പ്രാധാന്യം കേരളത്തിൽ തുടർച്ചയായി, വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നെല്ലിന്റെ വിതരണവും വേണ്ടത്ര നടക്കുന്നില്ല. സ്വാഭാവികമായും ഒരു ഉത്പന്നത്തിന്റെ ആവശ്യകത വർദ്ധിക്കുമ്പോൾ അതിന്റെ വിതരണവും വർദ്ധിക്കേണ്ടതുണ്ട്. പക്ഷെ, നിർഭാഗ്യകരമെന്ന് പറയട്ടെ കേരളത്തിൽ ഇത് നടക്കുന്നതായി കാണുന്നില്ല. കഴിഞ്ഞ 3 ദശകങ്ങളായി കേരളത്തിനകത്തുള്ള നെല്ലിന്റെ ഉത്പാദനവും നെല്ലിന്റെ ആവശ്യകതയും തമ്മിലുള്ള അന്തരം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 1970കളുടെ മധ്യത്തിൽ 50%ത്തിനടുത്തുണ്ടായിരുന്ന നെല്ലിന്റെ ആവശ്യകതയും വിതരണവും തമ്മിലുള്ള അന്തരവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. തെങ്ങ് പോലുള്ള കൂടുതൽ ആദായകരമായ മറ്റ് കൃഷിരീതികളിലേക്കുള്ള മാറ്റത്തിന്റെ അനന്തരഫലമാണ് ഈ അന്തരം. ഇന്ന് കേരളത്തിൽ നെല്ലിന്റെ വാർഷിക ആവശ്യകത 40 ലക്ഷം ടൺ ആണ്. പക്ഷെ നാം ഒരു വർഷത്തിൽ ആകെ ഉത്പാദിപ്പിക്കുന്നത് 7.7 ലക്ഷം ടൺ മാത്രമാണ്. ഇന്ന് സംസ്ഥാനത്തിന്റെ മൂന്നിൽ രണ്ടു ഭാഗം നെല്ലിന്റെ ആവശ്യകതയും നിർവ്വഹിക്കുന്നത് നെല്ലിന്റെ ഇറക്കുമതിയിലൂടെയാണ് (83.60%). നെൽകൃഷിയുടെ ഉത്പാദനമാകട്ടെ മൂന്നിൽ ഒന്നായി ചുരുങ്ങുകയും ചെയ്തു. ഭക്ഷ്യസുരക്ഷിതത്ത്വത്തിന്റെയും സാമ്പത്തികനിലയുടെയും വീക്ഷണകോണിൽനിന്ന് നോക്കുകയാണെങ്കിൽ നമുക്കാവശ്യമുള്ള നെല്ലിന്റെയും നാം ഉൽപാദിപ്പിക്കുന്ന നെല്ലിന്റെയും അളവിലുള്ള അന്തരം കുറയ്ക്കാൻ നെല്ല് ഇറക്കുമതിയെ ആശ്രയിക്കുന്നത് സുരക്ഷിതമല്ല.

കേരളത്തിൽ പ്രധാനമായും നെല്ല് ഉത്പാദിപ്പിക്കുന്നത് നാല് ജില്ലകളിലാണ്. പാലക്കാട്, തൃശൂർ, ആലപ്പുഴ, എറണാകുളം ജില്ലകളിൽ. പക്ഷേ കേരളത്തിന്റെ 'നെല്ലറ' എന്ന പ്രയോഗത്തിന് യഥാർത്ഥത്തിൽ അർഹമായത് പാലക്കാട് ജില്ലയാണ്. കാരണം കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന നെല്ലിന്റെ 35 ശതമാനവും പാലക്കാട് ജില്ലയിൽനിന്നാണ് (മൂന്നിൽ ഒന്ന്). പാലക്കാട് ജില്ലയിൽ ജോലി ചെയ്യുന്ന ഞാൻ ഭാഗ്യവതിയാണ്. പാലക്കാട് ജില്ലയ്ക്ക് കേരളത്തിലെ നെല്ലുത്പാദനത്തിൽ പ്രമുഖ സ്ഥാനമാണുള്ളത്.

1990ൽ 14 ലക്ഷം ഹെക്ടർ ഉണ്ടായിരുന്ന നെൽവയലുകളുടെ വിസ്തീർണ്ണം 2002-03 കാലഘട്ടത്തിൽ 11 ലക്ഷം ഹെക്ടർ ആയി കുറഞ്ഞു. 20 ശതമാനത്തിലധികം കുറവ് (ഇതിനിടക്കുള്ള വർഷങ്ങൾ കണക്കിലെടുക്കാത്തത് കൂടുതൽ വ്യക്തതയുണ്ടാകുന്നതിനും ആശയക്കുഴപ്പം ഒഴിവാക്കുന്നതിനുമാണ്). 1990 കളുടെ പകുതി മുതൽക്കുതന്നെ നെൽവയലുകളുടെ വിസ്തൃതി കുറഞ്ഞുകൊണ്ടിരിക്കുന്നു. 2000-2001 കാലഘട്ടത്തി

ലാണ് ഇതിന്റെ വേഗത ഏറ്റവും വർദ്ധിച്ചത്. 1975-76 വർഷങ്ങളിൽ 76000 ഹെക്ടർ മാത്രമുണ്ടായിരുന്ന ഭക്ഷ്യവിളകളല്ലാത്ത മറ്റു വിളകളുടെ വിസ്തൃതി 2002-03 ആയപ്പോഴേക്കും 1 ലക്ഷം ഹെക്ടർ ആയി വർദ്ധിച്ചു. ഇതോടൊപ്പം വൃക്ഷവിളകളായ തെങ്ങ്, റബ്ബർ, വാഴ എന്നിവയുടെ വിസ്തൃതിയും വർദ്ധിച്ചു വരുന്നതായി നമുക്ക് കാണാം. പക്ഷെ, നെൽകൃഷി ചെയ്യാത്തതു മൂലം നഷ്ടപ്പെട്ട ഭൂമിയെല്ലാം ഈ വിളകൾ കയ്യടക്കുകയായിരുന്നു എന്ന് പറയാൻ കഴിയും. വിലമതിക്കാനാവാത്തതും സമ്പന്നവുമായ നെൽവയലുകളെല്ലാം കൃഷിയേതര കച്ചവടാവശ്യങ്ങൾക്കായിട്ടാണ് ഉപയോഗിക്കപ്പെട്ടത്. ഇതുകൂടാതെ, നെൽകൃഷിക്ക് അനുയോജ്യമായ ഭൂപ്രദേശങ്ങൾ പലതും തരിശിടുന്ന അവസ്ഥയും നമുക്കു കാണാം. ചിലപ്പോൾ നികത്താനായി തരിശിടുന്നും പതിവാണ്. ഇത് ഭീഷണമായ ഒരു അവസ്ഥയാണ്. ഈ അവസ്ഥയെക്കുറിച്ച് ആഴത്തിലുള്ള ഒരു പഠനം ആവശ്യമാണ്. ഈ പ്രശ്നം പരിഹരിക്കാനുള്ള നിർദ്ദേശങ്ങളും പ്രതിവിധികളും നിശ്ചയിക്കാൻ ആഴത്തിലുള്ള ഒരു പഠനം കൂടിയേ കഴിയൂ.

ജില്ലയിലെ രണ്ട് പടിഞ്ഞാറൻ ബ്ലോക്കുകളിലും നാല് കിഴക്കൻ ബ്ലോക്കുകളിലും ആണ് പഠനം നടത്തിയത്. നമ്മുടെ സംസ്ഥാനത്തുള്ള 14 ജില്ലകളിൽ പാലക്കാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ വലിയ ജലസേചന പദ്ധതികളുള്ളത്. ഇതിൽ മിക്കവാറും എല്ലാ പദ്ധതികളും കേന്ദ്രീകരിച്ചിരിക്കുന്നത് ജില്ലയിലെ ചിറ്റൂർ, ആലത്തൂർ, പാലക്കാട് തുടങ്ങിയ കിഴക്കൻ താലൂക്കുകളിലാണ്. അതുകൊണ്ടാണ് പഠനസാമ്പിളുകൾ ജില്ലയുടെ കിഴക്കൻ മേഖലയിൽനിന്നും പടിഞ്ഞാറൻ മേഖലയിൽനിന്നും തെരഞ്ഞെടുത്തത്. 2003-04 വർഷങ്ങളിലെ മുണ്ടകൻകൃഷി സമയത്ത് 302 വീടുകളിൽനിന്നാണ് പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്. പലഘട്ടങ്ങളിലുള്ള, ചിട്ടയോടുകൂടിയ സർക്കുലർ സാംപ്ലിംഗ് രീതിയാണ് കൃഷിക്കാരുടെ വീടുകൾ തിരഞ്ഞെടുക്കുന്നതിന് ഉപയോഗിച്ചത്. കൃഷിഭൂമികളുടെയും പാട്ടഭൂമികളുടെയും വിസ്തൃതിയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചത് കൃഷിഭവനങ്ങളുടെ സഹായത്തോടെയാണ്. കൃഷിഭൂമികളുടെ വിസ്തൃതിയെ ക്ലാസ്സ് ഒന്ന് (0.25 ഹെക്ടറിലും താഴെ), ക്ലാസ്സ് രണ്ട് (0.25 ഹെക്ടറിനും 0.50 ഹെക്ടറിനും ഇടയിൽ), ക്ലാസ്സ് മൂന്ന് (0.5 ഹെക്ടറിനും 1 ഹെക്ടറിനും ഇടയിൽ), ക്ലാസ്സ് 4 (1 ഹെക്ടറിലും മുകളിൽ) എന്നിങ്ങനെ 4 വിഭാഗങ്ങളെ അടിസ്ഥാനമാക്കിയാണ് സാമ്പിളുകളെ പ്രീസ്ട്രാറ്റിഫിക്കേഷൻ ചെയ്തത്.

അറ്റാദായ സമീപനം അനുസരിച്ചാണ് നെൽകൃഷിയുടെ സാമ്പത്തികനയം നിരീക്ഷിച്ചത്. കൃഷിച്ചെലവും കൃഷിയിൽനിന്നുള്ള വരുമാനവും നിർണ്ണയിച്ചതിനുശേഷം കൃഷിയിൽനിന്നുള്ള ലാഭവും ചെലവ്-വരവ് അനുപാതവും നിർണ്ണയിക്കുന്നു. കൃഷിയുടെ വലുപ്പവും ഉല്പാദനക്ഷമതയും തമ്മിലുള്ള ബന്ധം നിരീക്ഷിക്കപ്പെട്ടത്, കൃഷിഭൂമിയുടെ വലുപ്പത്തിന്റെ ലോഗ് ലീനിയർ റിഗ്രഷൻ ഉപയോഗിച്ചാണ്. നെല്ല്, നെൽകൃഷിക്കു പകരം വന്ന വാഴ, മരച്ചീനി, തെങ്ങ്, മറ്റ് മിശ്രിത വിളകൾ എന്നിവയുടെ ലാഭവും ലാഭസാദ്ധ്യതയും താരതമ്യം ചെയ്യുന്നതിനായി ഓരോ വിളകളുടെയും കൃഷിച്ചെലവും കൃഷിയിൽനിന്നുള്ള ലാഭവും (ഉപോത്പന്നങ്ങളിൽ നിന്നുള്ള വരുമാനവുമടക്കം) ഉപയോഗിച്ച് ഒരു ഹെക്ടറിൽ നിന്നുള്ള ലാഭം കണ്ടുപിടിച്ചു. വിളകളുടെ ലാഭസാധ്യത കണ്ടുപിടിച്ചത് ഒരു ഹെക്ടറിൽ നിന്നുള്ള ലാഭവും കൃഷിച്ചിലവും തമ്മിലുള്ള അനുപാതമായാണ്.

കൃഷിച്ചിലവിന്റെ 60%-70% ത്തോളം വരുന്നത് പണിക്കൂലിയായിരുന്നു. പഠനവിധേയമാക്കിയ കൃഷിഭൂമികളിൽ പണിക്കാരുടെ ലഭ്യത വളരെ കുറവായിരുന്നു. ഇതിൽ സ്ത്രീപണിക്കാരുടെ ലഭ്യതയാണ് വളരെ കുറഞ്ഞതായി കണ്ടത്. പ്രധാനമായും 3 പ്രധാന പണികൾക്കാണ് സ്ത്രീകളെ ആവശ്യമുള്ളത്. ഞാറുനടീൽ, കളപറിക്കൽ, കൊയ്ത്ത് എന്നിവയ്ക്ക്.

നെല്ലുപോലത്തെ അതും മൂന്ന് മുതൽ നാലര മാസം വരെ ചുരുങ്ങിയ കാലയളവു മാത്രമുള്ള ഒരു കൃഷിയിൽ യഥാസമയത്ത് പണികൾ നടക്കേണ്ട ആവശ്യമുണ്ട്. അതുകൊണ്ടുതന്നെ എല്ലായ്പ്പോഴും പ്രത്യേകിച്ച് വേണ്ട സമയത്ത് പണിക്കാരെ കിട്ടുകയെന്നത് വളരെ പ്രധാനമാണ്.

ഒരാളുടെ പണിക്കൂലി 45-60 രൂപയിൽനിന്ന് 75-180 രൂപ വരെയായി കൂടിയിരിക്കുന്നു. രണ്ട് വീക്ഷണകോണിൽനിന്ന് ഈ അവസ്ഥയെ കാണേണ്ടതുണ്ട്. പൊതുവെ നെൽകൃഷിയിലെ പണിക്കൂലി വളരെയധികം വർദ്ധിച്ചിരിക്കുന്നു. അതോടൊപ്പം കെട്ടിട നിർമ്മാണ മേഖലയിലെ പണിക്കൂലി കൃഷിയെ അപേക്ഷിച്ച് വളരെ കൂടുതലാണ്. ഈ ഉയർന്ന പണിക്കൂലിയോടുള്ള ആകർഷണം മൂലം നെൽകൃഷി മേഖലയിൽനിന്നും കെട്ടിട നിർമ്മാണ മേഖലയിലേക്ക് മാറാനുള്ള പ്രവണത പണിക്കാർക്കുണ്ട്.

നിർമ്മാണ പ്രവർത്തനങ്ങൾ പ്രധാനമായും ആയക്കെട്ട് മേഖലയിലാണ് നടക്കുന്നത്. ഈ മേഖലയിലെ ഗൾഫ് പണത്തിന്റെ സ്വാധീനമാണിതിനു കാരണം. മറ്റ്

**കാർട്ടൂൺ 1 – വി.എസ്. ഗിരീശൻ**



ബ്ലോക്കുകളെ അപേക്ഷിച്ച് ഈ ബ്ലോക്കുകളിൽ പണിക്കൂലി കൂടുന്നതിന് ഇത് കാരണമായി. ഭീമമായ പണിക്കൂലിമൂലം നെൽകർഷകർ നെല്ലിനുപകരം പണിക്കൂലി അധികം ആവശ്യമില്ലാത്ത തെങ്ങ്, റബ്ബർ കൃഷികളെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങി.

നമ്മുടെ രാജ്യത്ത് പണിക്കൂലി എല്ലായിടത്തും ഒരു പോലെയല്ല. നെല്ലുൽപാദിപ്പിക്കുന്ന തമിഴ്നാട്, കർണാടക, പഞ്ചാബ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിൽ കൃഷി ചെയ്യുന്ന ഒരു ആണിന് 40 രൂപയ്ക്കും 60 രൂപയ്ക്കും ഇടയിലാണ് കൂലി ആയക്കെട്ട് മേഖലയില്ലാത്ത (പടിഞ്ഞാറൻ ബ്ലോക്കുകളിൽ) കർഷകർ പ്രധാനമായും വെള്ളത്തിനായി ആശ്രയിക്കുന്നത് സ്വകാര്യമേഖല സ്രോതസ്സുകളെയാണ്. 2000-01 സമയത്തിനും 2001-02 സമയത്തിനും ഇടയിൽ ജലസേചനം നടത്തുന്ന നെൽവയലുകളുടെ വിസ്തൃതി വളരെ കുറഞ്ഞിട്ടുണ്ട്.

ആയക്കെട്ട് മേഖലയിലെ കൃഷിച്ചെലവ് (ഒരു ഹെക്ടറിൽ) ആയക്കെട്ട് മേഖലയ്ക്ക് പുറത്തുള്ള കൃഷിച്ചെലവിനേക്കാൾ 6.2% കുറവായിരുന്നു. ആയക്കെട്ട് മേഖലയിലും അതിനുപുറത്തുള്ള മേഖലയിലും ഉള്ള കൃഷിഭൂമികളിലെ കൃഷിച്ചെലവ് (ഒരു ഹെക്ടറിൽ) പഠനവിധേയമാക്കിയപ്പോൾ കൃഷിഭൂമിയുടെ വലുപ്പവും കൃഷിച്ചെലവും തമ്മിൽ ഒരു പ്രതിലോമ ബന്ധമാണ് ഉള്ളതെന്ന് കണ്ടെത്തി.


നെൽകൃഷിയുടെയും നെൽകൃഷിക്ക് പകരം വന്നിട്ടുള്ള വിളകളുടെയും ലാഭത്തിന്റെയും ലാഭസാധ്യതയുടെയും താരതമ്യ വിശകലനത്തിൽ കണ്ടെത്തിയത്, നെൽകൃഷി വളരെക്കുറച്ച് ലാഭമുണ്ടാക്കുന്ന വിളയാണെന്നാണ്. ഒരു ഹെക്ടറിൽനിന്നുള്ള വാഴകൃഷിയിൽ നിന്നുള്ള ലാഭമായിരുന്നു നെല്ലും മറ്റ് വിളകളുടേയും ലാഭത്തെക്കാളും വളരെ കൂടുതൽ.

**ശേഖരിക്കപ്പെട്ട വിവരങ്ങളിൽനിന്നും അവയുടെ വിശകലനത്തിൽനിന്നും എത്തിച്ചേർന്ന നിർദ്ദേശങ്ങളും ചില കണ്ടെത്തലുകളും**

## കണ്ടെത്തലുകൾ

- നെൽകൃഷി വൈവിദ്ധ്യമാർന്ന സാഹചര്യങ്ങളിലാണ് നടത്തിവരുന്നത്.
- ആയക്കെട്ട് മേഖലയ്ക്ക് പുറത്തുള്ള കൃഷിഭൂമിയേക്കാൾ ആയക്കെട്ട് മേഖലയിലുള്ള കൃഷിഭൂമികളിലാണ് കൂട്ടുകൃഷി സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നത്
- സാമ്പിൾ കൃഷിഭൂമികളിലെ യന്ത്രവൽക്കരണത്തിന്റെ അവസ്ഥ തൃപ്തികരമല്ല.
- പരിഷ്കരിച്ച ഉപകരണങ്ങളുടെ ദൗർലഭ്യം, വേണ്ട സൗകര്യങ്ങളുടെ അഭാവം, നല്ല പരിശീലനം ലഭിച്ച മെക്കാനിക്കുകളുടെയും ഓപ്പറേറ്റർമാരുടെയും (കൊയ്ത്തുയന്ത്രം, മെതിയന്ത്രം) എന്നിവയാണ് കണക്കിലെടുക്കേണ്ട പ്രധാന പരമിതികൾ
- കർഷകർ നേരിടുന്ന പ്രധാന പരമിതി ജലദൗർലഭ്യമാണ്. ആയക്കെട്ട് മേഖലയ്ക്ക് പുറത്തുള്ള കൃഷിഭൂമികളിൽ ഈ പ്രശ്നം രൂക്ഷമാണ്.
- നെൽകൃഷിയുടെയും മറ്റ് വിളകളുടെയും ലാഭവും ലാഭസാധ്യതയും തമ്മിലുള്ള താരതമ്യ വിശകലനത്തിൽനിന്ന് മനസ്സിലാകുന്നത്, പഠന മേഖലയിലെ ഏറ്റവും ലാഭം കുറവുള്ള കൃഷി നെൽക്കൃഷിയാണെന്നാണ്.
- കൃഷിമേഖലയ്ക്ക് പുറത്തുള്ള കൂടിയ പണിക്കൂലിയോടൊപ്പം നമ്മുടെ പരമ്പരാഗത കൃഷിപ്പണികൾക്ക് ആളെക്കിട്ടാത്തതും (പണിയറിയാവുന്നവർ) കൃഷിയിലുള്ള പണിക്കൂലി കൂടുന്നതിന് കാരണമായി.
- ന്യൂക്ലിയർ കുടുംബങ്ങളുടെ വരവോടെ സ്ത്രീപണിക്കാരുടെ എണ്ണം വളരെ കുറഞ്ഞു. അവർ മറ്റ് ജോലികൾ ചെയ്യുന്നതിനാണ് താൽപര്യം കാണിക്കുന്നത്.
- പഠനം നടത്തിയ കർഷകരിൽ പകുതിപേർ നെൽകൃഷി തുടരണമെന്ന് ആഗ്രഹിക്കുന്നവരാണ്. നെൽകൃഷിക്കു പകരം വയ്ക്കാവുന്ന മറ്റൊരു ജോലിയും ഇല്ലെന്നാണ് അവരുടെ കണ്ടെത്തൽ.
- സർവ്വെ ചെയ്ത 25% കൃഷിക്കാരും നഷ്ടപ്പെട്ട നെൽവയലുകൾ തിരിച്ചുകൊണ്ടു വരണമെന്ന് ആഗ്രഹിക്കുന്നവരാണ്. കാരണം പൂർവ്വികരുടെ ഭൂമിയോട് വ്യക്തിപരമായ ഒരു ആത്മബന്ധം അവർക്കുണ്ട്.
- 10% കർഷകർ അവരുടെ നെൽവയലുകളിൽത്തന്നെ നെൽകൃഷി ചെയ്യാൻ ആഗ്രഹിക്കുന്നവരാണ്. മായം കലർന്നതും ഗുണനിലവാരം കുറഞ്ഞതുമായ അരി ഉപയോഗിക്കുന്നത് ഒഴിവാക്കണമെന്ന് അവർ ആഗ്രഹിക്കുന്നു.
- നഗരഭൂമി മാർക്കറ്റിന്റെ പരിണതഫലമാണ് കൃഷിഭൂമികളുടെ മറ്റാവശ്യങ്ങൾക്കായുള്ള മാറ്റം.
- 42.1% കർഷകർ 60 വയസ്സിലും

**കാർട്ടൂൺ 2 — വി.എസ്. ഗിരീശൻ**



മേലേ പ്രായമുള്ളവരാണ്. 80% കർഷകരും 50 വയസ്സിനും മേലെ പ്രായമുള്ളവരാണ്. സാമ്പിൾ കർഷകരിൽ 30 വയസ്സിനും താഴെ പ്രായമുള്ള ഒരൊറ്റ കർഷകനും ഉണ്ടായിരുന്നില്ല.

- വേണ്ട സമയത്തുള്ള പണിക്കാരെ കിട്ടൽ, നെല്ലിന്റെയും അരിയുടെ വിലക്കുറവ്, വർദ്ധിച്ച ഉല്പാദനച്ചെലവ് എന്നിങ്ങനെ നെൽകൃഷിയുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങളും കാരണം യുവതലമുറയുടെ നെൽകൃഷിയോടുള്ള പ്രതികരണം നിഷേധാത്മകമായിരുന്നു.

**നിർദ്ദേശങ്ങൾ**

- നെൽകൃഷിയിൽനിന്നുള്ള മാറ്റം നിയന്ത്രിക്കുക.
- കൃഷി ചെയ്യാത്ത സ്ഥലങ്ങളും തരിശുഭൂമികളും കൃഷിസ്ഥലങ്ങളാക്കി മാറ്റുന്നതിലൂടെ ആകെ കൃഷിഭൂമിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുക.
- ഓരോ ഗ്രാമപഞ്ചായത്തിലും താമസസ്ഥലങ്ങളും കൃഷിഭൂമിയും തമ്മിലുള്ള അതിര് വ്യക്തമാക്കുന്നതിനുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക. ഈ പ്ലാൻ ശക്തമായി നടപ്പിലാക്കിയാൽ ഇനിയും കൃഷിഭൂമിയുടെ വിസ്തൃതി കുറയുന്നത് ഒഴിവാക്കുന്നതിന് സഹായിക്കും.
- കൃഷിവകുപ്പിന്റെ കൂട്ടുകൃഷി പരിപാടിയുടെ കീഴിലുള്ള PNS കൾ, കൃഷി ചെയ്യാനിട്ടിരിക്കുന്ന കൃഷിഭൂമികൾ കൃഷി ചെയ്യാനായി ഏറ്റെടുക്കുക.
- സംഭരണ സംവിധാനങ്ങളുള്ള റജിസ്ട്രേഡ് മാർക്കറ്റുകൾ ഓരോ ഗ്രാമപഞ്ചായത്തിലും സ്ഥാപിക്കുക. തത്വദീക്ഷയില്ലാത്ത കച്ചവടക്കാരുടെയും ഇടനിലക്കാരുടെയും ചൂഷണത്തിൽനിന്ന് ഉപഭോക്താക്കളെ രക്ഷിക്കാൻ ഇത് സഹായിക്കും.
- വർദ്ധിച്ചുവരുന്ന കൃഷിച്ചെലവിന്റെ പശ്ചാത്തലത്തിൽ ഗവൺമെന്റ് നമ്മുടെ ധാന്യങ്ങളുടെ വിലനിർണ്ണയനയം പുനഃപരിശോധിക്കേണ്ടതുണ്ട്.
- ഗവൺമെന്റ് ഗവൺമെന്റിതര സംഘടനകൾ, സ്വാശ്രയ സംഘങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ എന്നിവർക്ക് കൃഷിയിൽ കൂടുതൽ പ്രാതിനിധ്യം ഉണ്ടാവേണ്ടതുണ്ട്.
- ഗ്രാമീണ സംരംഭങ്ങളിൽ ഭീമമായ തുക ചെലവഴിച്ചെങ്കിൽ മാത്രമേ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയൂ.
- മാർക്കറ്റുകളിൽനിന്നും നെല്ല് സമാഹരിക്കുന്നതിന് PNSകളെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.
- തെരഞ്ഞെടുത്ത യന്ത്രവൽക്കരണത്തിലൂടെ ജോലി ആവശ്യങ്ങൾ വളരെ കുറക്കാവുന്നതാണ്.
- രാസവളങ്ങൾ ഉപയോഗിക്കുന്നതിലെ കാര്യക്ഷമത എന്ന കാര്യത്തിന് പ്രത്യേക ശ്രദ്ധയെടുക്കണം.
- ഗവൺമെന്റ് 'ഫ്ളാറ്റ് സിസ്റ്റം' പ്രോത്സാഹിപ്പിക്കണം. ഇതുവഴി ഭൂമിയുടെ മേലുള്ള സമ്മർദ്ദം കുറക്കാൻ കഴിയും. കൃഷിയേതര പ്രവർത്തനങ്ങൾ പ്രത്യേകിച്ചും നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി കൃഷിഭൂമികൾ ഉപയോഗിക്കുന്നത് നിയന്ത്രിക്കണം.
- മഴ നല്ലവണ്ണം കിട്ടുന്ന പ്രദേശങ്ങളിൽ കാഡയുടെ ആനുകൂല്യങ്ങൾ നിഷിദ്ധമാണ്. മണ്ണെണ്ണ പെർമിറ്റുകൾ പോലും അവിടെ ലഭിക്കുന്നില്ല. അതുകൊണ്ട് വലിയ ജലസേചന പദ്ധതികളില്ല എന്ന കുറവു തീർക്കാനായി മഴ നല്ലവണ്ണം കിട്ടുന്ന പ്രദേശങ്ങൾ പ്രത്യേകം കണക്കിലെടുക്കേണ്ടതുണ്ട്. പൂർത്തീകരിച്ചിട്ടില്ലാത്ത ജലസേചന പദ്ധതികൾ പ്രത്യേക പരിഗണന കൊടുത്ത് ചെയ്തു തീർക്കേണ്ടതുണ്ട്.
- എല്ലാ സ്ഥലത്തും മഴവെള്ളത്തിന്റെ തോത് അറിയാനുള്ള സംവിധാനങ്ങൾ എറ്റെടുക്കണം. ജലലഭ്യതയുടെ പാറ്റേൺ മനസ്സിലാക്കുന്നതിന് ഓരോ മാസവും പെയ്യുന്ന മഴയുടെ അളവ് ഒരു വർഷം മുഴുവൻ കണ്ടുപിടിക്കേണ്ടതുണ്ട്.
- കുളങ്ങളിലും റിസർവ്വോയറുകളിലും ചെക്ക് ഡാമുകളിലും വെള്ളം സംഭരിച്ച് വെള്ളം സംരക്ഷിക്കാനുള്ള ശ്രമങ്ങൾ നടത്തണം. കൂടുതൽ മെച്ചപ്പെട്ട കാര്യക്ഷമമായ ജലസേചനം ഉറപ്പുവരുത്തുന്നതിനും കനാലുകൾ നിലനിർത്തുന്നതിനും വേണ്ട നടപടികൾ എടുക്കണം.
- ഓരോ സ്ഥലത്തെയും ജലസേചന സൗകര്യം കണക്കിലെടുത്തായിരിക്കണം വിള ഇനം ഏത് വേണമെന്ന് നിശ്ചയിക്കേണ്ടത്.
- യോജ്യമായ യന്ത്രവൽക്കരണ രീതികൾ (വിരസത ഒഴിവാക്കാനും വേണ്ട സമയത്ത് കാര്യങ്ങൾ നടക്കാനും പണിക്കാർക്ക് മെച്ചപ്പെട്ട പണിക്കൂലി ഉറപ്പുവരുത്താനും) സ്വീകരിക്കുക വഴി പുതിയ തലമുറയെ കൃഷിയിലേക്കും കൃഷിഭൂമിയിലേക്കും ആകർഷിക്കുക.

**കാർട്ടൂൺ 3** – വി.എസ്. ഗിരീശൻ

